LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനങ്ങൾ

20 (*786) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സമ്പാദ്യ ദുരിതാശ്വാസ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) മുഴുവൻ മത്സ്യത്തൊഴിലാളികളേയും പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതി എന്നു തുടങ്ങി ; ഇപ്പോൾ അംഗസംഖ്യ എത്ര ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്. ഈ പദ്ധതി 1991-92 കാലയളവിൽ കടൽ മത്സ്യത്തൊഴിലാളികൾക്കു മാത്രമാണ് നടപ്പാക്കിയത്. 2001-2002 വർഷം മുതൽ ഉൾനാടൻ മത്സ്യ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കി വരുന്നു. 2003-2004 മുതൽ മത്സ്യ വിപണനവുമായി ബന്ധപ്പെട്ട അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്കുകൂടി പദ്ധതി ബാധകമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യമേഖലയിലെ മുഴുവൻ തൊഴിലാളികളേയും പദ്ധതിയിൻ കീഴിൽ കൊണ്ടു വന്നു പദ്ധതി കാര്യക്ഷമമായി തന്നെ നടപ്പാക്കുന്നുണ്ട്.

(ബി) കടൽ മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പാക്കി വരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) മുഴുവൻ മത്സ്യത്തൊഴിലാളികളും ഇപ്പോൾ തന്നെ പദ്ധതിയിൻ കീഴിൽ ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) പദ്ധതി 1991-92 വർഷം തുടങ്ങി. ഇപ്പോൾ 108605 പേർ അംഗങ്ങളാണ്.

സ്റ്റേഷനറി സാധനങ്ങളുടെ പർച്ചേസ്

21 (*787) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിട്ടുണ്ട് ;

(ബി) സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത് മൽസര ടെണ്ടറുകൾ മുഖേനയാണോ അതോ ലോക്കൽ പർച്ചേസ് മുഖേനയാണോ ;

(സി) ടെണ്ടറുകൾ മുഖേനയാണെങ്കിൽ വാങ്ങേണ്ട സാധനങ്ങളുടെ ക്വാളിറ്റി പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷമാണോ ; അതോ മത്സര ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്യുന്നവർക്കാണോ സ്റ്റേഷനറി സാധനങ്ങൾ സപ്ലൈ ചെയ്യുവാൻ അനുവാദം നൽകുന്നതെന്നു വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ സ്റ്റേഷനറിയിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ വില കുറഞ്ഞതും ഗുണനിലവാരമില്ലാത്തുമാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഷനറി സാധനങ്ങൾ നൽകുവാൻ ആർക്കൊക്കെയാണ് ഓർഡർ നൽകിയിട്ടുള്ളത് ;

(എഫ്) പ്രസ്തുത ഓർഡർ നൽകിയതിന്റെ മാനദണ്ഡം എന്താണെന്നും മത്സര ടെണ്ടറുകൾ മുഖേനയാണെങ്കിൽ ടെണ്ടറിൽ ഓരോ ട്രേഡിംഗ് കമ്പനിക്കാരും കാട്ട് ചെയ്ത തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഷനറി സാധാനങ്ങൾ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയുടെ പർച്ചേസ് നടത്തിട്ടുണ്ട് ;

(ഐ) ഈ പർച്ചേയ്സിന്റെ മാനദണ്ഡമെന്താണെന്നും ആരിൽ നിന്നെല്ലാമാണ് ലോക്കൽ പർച്ചേസ് നിടത്തിയതെന്നും വെളിപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ജൂൺ വരെ 18,93,77,000 രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത് മത്സരടെണ്ടറുകൾ മുഖേനയാണ്.

(സി) സ്റ്റോർ പർച്ചേസ് മാന്വലിലെ 34 മുതൽ 45 വരെയുള്ള ഖണ്ഡികകളിലെ നിബന്ധനകൾ പാലിച്ചാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത്. മത്സര ടെണ്ടറുകൾ മുഖേന സാധനങ്ങൾ വാങ്ങുമ്പോൾ ഏറ്റവും കുറഞ്ഞ നിരക്കും ക്വാളിറ്റിയും സ്പെസിഫിക്കേഷനും കൂടെ പരിഗണിച്ചാണ് സാധനങ്ങൾ സപ്ലൈ ചെയ്യുവാൻ അനുവാദം നൽകുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓർഡർ നൽകിയ കമ്പനികളുടെ ലിസ്റ്റ് അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്റ്റോർ പർച്ചേസ് മാന്വലിലെ 34 മുതൽ 45 വരെയുള്ള ഖണ്ഡികകളിലെ നിബന്ധനകൾ പാലിച്ചാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത്. ടെണ്ടറിൽ ഓരോ ട്രേഡിംഗ് കമ്പനിക്കാരും ക്വാട്ട് ചെയ്ത തുക എത്രയാണെന്നുള്ള വിവരം അനുബന്ധം II, III, IV-ൽ കൊടുത്തിരിക്കുന്നു*.

(എച്ച്) ബാധകമല്ല.

(ഐ) ബാധകമല്ല.

ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് നടപടി

22 (*788) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായൽ മലിനീകരണം, വിസ്തൃതിയിലുണ്ടായ കുറവ്, വിവേചനരഹിതമായ മത്സ്യബന്ധനം എന്നീ കാരണങ്ങളാൽ ഉൾനാടൻ മത്സ്യബന്ധനം നേരിടുന്ന വിപത്ത് സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യസമ്പത്തിന്റെ അമിത ചൂഷണം, കായൽ ജലസമ്പത്തിന്റെ വിസ്തൃതിയിലുള്ള ശോഷണം, ജലമലിനീകരണം, വിനാശകരമായ മത്സ്യബന്ധന രീതികൾ, കണ്ടൽക്കാടുകളുടെ തിരോധാനം, പരിസ്ഥിതി പ്രശ്നങ്ങൾ, ഏകീകൃത നിയമത്തിന്റെ അഭാവം എന്നിവയാണ് ഉൾനാടൻ മത്സ്യബന്ധന മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയുടെ പരിഹാരമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ധോപദേശം കണക്കിലെടുത്ത് മത്സ്യബന്ധനം ക്രമപ്പെടുത്തുന്നതിനും അമിത ചൂഷണം തടയുന്നതിനും ആവശ്യമായ നിയമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയമം എത്രയും പെട്ടെന്ന് ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര ഇലക്ട്രിസിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ

1 (4609) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഇലക്ട്രിസിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ സർക്കാർ റിലയിരുത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇപ്പോഴത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ഘടന ഏതെല്ലാം നിലയിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly